## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 631** **09.02.2016-ൽ മറുപടിയ്ക്ക്**

### വായ്പ കുടിശ്ശിക എഴുതിതള്ളുവാൻ നടപടികൾ

**ചോദ്യം**
ശ്രീ.ഇ.ചന്ദ്രശേഖരൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടിശ്ശികയായുള്ള വായ്പ എഴുതിതള്ളുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) | 01.10.2015 തീയതിയിലെ സ.ഉ (അ)നം.71/2015/പജപവവിവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01.04.2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതിതള്ളുന്ന പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ ബാധ്യതാ വിവരങ്ങൾ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദ്രുതഗതിയിൽ ശേഖരിച്ചു വരികയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 30.03.2015-തീയതിയിലെ സ.ഉ(അ)നം.24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യത എഴുതിതള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയിൽ തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി ക്കൊണ്ടും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 2225-80-190-94-NP എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമായിട്ടുണ്ട്. |
| ബി) | കടം എഴുതിതള്ളുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | ബി) | പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ കൃത്യമായ വായ്പ വിവരങ്ങൾ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത പ്രൊഫോർമയിൽ ലഭിക്കാനുള്ള കാലതാമസം മാത്രമാണുള്ളത്. |
| സി) | പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സി) | പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിതള്ളുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വിവരങ്ങൾ ലഭ്യമാകുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ സഹകരണത്തോടെ വായ്പ വിവരങ്ങൾ ശേഖരിച്ച പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | പ്രസ്തുത ഉത്തരവിൽ ഭവന നിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതി തള്ളുന്നതിന് നടപടിയുണ്ടോ; | ഡി) | പട്ടികജാതി വിഭാഗക്കാരുടെ 31.03.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ, സഹകരണ സ്ഥാപനങ്ങളിലെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെയും കുടിശ്ശികയായിട്ടുള്ള വായ്പകളും 30.03.2015-ലെ സ.ഉ(അ)നം.24/15/പജപവവിവ നമ്പർ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ വായ്പ എഴുതിതള്ളുന്ന വായ്പകളിൽ ഉൾപ്പെട്ടിട്ടില്ല. |
| ഇ) | ഇല്ലെങ്കിൽ ഭവന നിർമ്മാണ വായ്പകൾ കൂടി ഒഴിവാക്കുന്നതിനുള്ള പരിഷ്കരിച്ച ഉത്തരവ് പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | 14.05.2015- തീയതിയലെ സർക്കാർ ഉത്തരവ് (കൈ)നം.36/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റായി മൂന്നരലക്ഷം രൂപ നൽകി വരുന്നതിനാൽ പട്ടികവർഗ്ഗക്കാർ ഭവന നിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതി തള്ളുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Haripriya

സെക്ഷൻ ഓഫീസർ